പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4215 | 20.03.2018 ൽ മറുപടിക്ക്

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ് : | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് പ്രസ്തുത സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) ഉണ്ട്; 'കില'യുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ സാർത്ഥകമാകുന്നതരത്തിലാണ് പ്രവർത്തനം മുന്നോട്ടു പോകുന്നത്. 'കില' നൽകുന്ന പരിശീലനവും സഹായവുമാണ് കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കാരണമായിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരിശീലനം നൽകുക, സംസ്ഥാന സർക്കാർ തദ്ദേശ സ്വയം ഭരണ വകുപ്പിന് നയപരമായ കാര്യങ്ങളിൽ ഉപദേശം നൽകുക, തദ്ദേശ സ്വയംഭരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുക എന്നിവയാണ് 'കില'യുടെ നിയമപരമായ ചുമതലകൾ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതി ആസൂത്രണം, നിർവ്വഹണം, സേവനങ്ങൾ ലഭ്യമാക്കൽ-ഗുണനിലവാരം മെച്ചപ്പെടുത്തൽ, ധന മാനേജ്മെന്റ്, സുതാര്യവും സദ്ഭരണത്തിലധിഷ്ഠിതവുമായ പ്രവർത്തനം, ശിശു-വയോജന-വനിത സൗഹൃദ പ്രാദേശിക ഭരണം, കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ സംരക്ഷണം, ശുചിത്വ പരിപാലനം, ജന്റർ ബജറ്റ് എന്നിങ്ങനെ |

വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്ക് പരിശീലനങ്ങൾ നൽകുന്നതു കൂടാതെ പഞ്ചവത്സര പദ്ധതി രൂപീകരിക്കുന്നതിനായുള്ള മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും മറ്റു നയപരമായ കാര്യങ്ങളിലും സംസ്ഥാന സർക്കാരിനു വേണ്ട നയപരമായ ഉപദേശങ്ങളും സഹായങ്ങളും 'കില' ചെയ്തു വരുന്നുണ്ട്.

ബി) സ്ത്രീശാക്തീകരണം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം, ദുർബല വിഭാഗങ്ങളുടെ ക്ഷേമം എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളും പരിശീലനവും കില നൽകുന്നുണ്ടോ;

ബി) ഉണ്ട്.

സി) കിലയെ യൂണിവേഴ്സിറ്റിയാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്?

സി) 'കില'യെ കല്പിത സർവ്വകലാശാലയാക്കുന്നതിന് കേന്ദ്ര മാനവശേഷി വികസന വകുപ്പിനോടും യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനോടും അപേക്ഷിച്ചുവെങ്കിലും പുതിയതായി കല്പിത സർവ്വകലാശാലകൾക്ക് അനുവാദം നൽകുന്നില്ല എന്ന തീരുമാനമാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ